## SECTION A

**Q1. ഓരോ ചോദ്യത്തിനും 150 വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക.** *10×5=50*

(a) 'ഭാഷാപിതാവ്' എന്ന് എഴുത്തച്ഛനെ വിശേഷിപ്പിക്കാനാകുമോ ? കിളിപ്പാട്ടുപ്രസ്ഥാനത്തെ മുൻ നിറുത്തി വിശകലനം ചെയ്യുക. 10

(b) തുള്ളൽക്കവിതകളിലെ ഭാഷാപരമായ സവിശേഷതകൾ എന്തെല്ലാം ? 10

(c) പുരുഷഭേദനിരാസം - വിവിധ ഭാഷോല്പത്തിവാദങ്ങളിലെ നിഗമനങ്ങൾ എന്തെല്ലാം ? 10

(d) കുന്തൽവാദവും ആറുനയങ്ങളും താരതമ്യം ചെയ്യുക. 10

(e) മാപ്പിളമലയാളം ഒരു ഭാഷാ വഴക്കമായിത്തീരുന്നതിന്റെ അടിസ്ഥാനം മാപ്പിളപ്പാട്ടുകളെ മുൻനിറുത്തി പരിശോധിക്കുക. 10

**Q2. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക.** **20+15+15=50**

(a) പാട്ടുഭാഷയും മണിപ്രവാളഭാഷയും തമ്മിലുള്ള സംയോജനമായിരുന്നു നിരണംകാവ്യങ്ങളിൽ സംഭവിച്ചതെന്നു പറയാമോ ? 20

(b) സാമൂഹിക മദ്ധ്യമങ്ങളിലെ ഭാഷാസവിശേഷതകൾ മലയാളഭാഷയുടെ അപചയത്തിനു കാരണമാകുന്നുണ്ടോ ? 15

(c) 'ഭാഷാസംക്രമണവാദം' - വിശദമാക്കുക. 15

**Q3. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക.** **20+15+15=50**

(a) ലീലാതിലകത്തിലെ മണിപ്രവാളലക്ഷണം വർഗ്ഗീകരിച്ചു വിശദമാക്കുക. 20

(b) മലയാളഗദ്യത്തിന്റെ പൂർവകാല വിനിമയസവിശേഷതകൾ സോദാഹരണം വെളിപ്പെടുത്തുക. 15

(c) 'മലയാളകാവ്യഭാഷാപരിണാമം' - രാമചരിതം കണ്ണശ്ശകൃതികൾ, കിളിപ്പാട്ടുകൃതികൾ എന്നിവയെ മുൻനിറുത്തി പരിശോധിക്കുക. 15

**Q4.** **(a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക.** *20+15+15=50*

(a) സാമാന്യഭാഷയിൽനിന്നു ഭരണഭാഷ പ്രകടമാക്കുന്ന വ്യത്യാസങ്ങളെന്തെല്ലാം ? *20*

(b) 'മലയാളഭാഷാവ്യാകരണം' - മിഷണറിമാരുടെ സംഭാവന വിലയിരുത്തുക. *15*

(c) മലയാളഭാഷയുടെ 'തനിമ' പ്രകടമാക്കുന്ന കൃതിയായി കൃഷ്ണഗാഥയെ പരിഗണിക്കാനാകുമോ ? *15*

## SECTION B

**Q5. ഓരോ ചോദ്യത്തിനും 150 വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക.** *10×5=50*

(a) മലയാളത്തിലെ വിവർത്തന സാഹിത്യചരിത്രത്തിൽ പാട്ടുസാഹിത്യപ്രസ്ഥാനത്തിന്റെ സംഭാവനകൾ പരിശോധിക്കുക. *10*

(b) സമകാലിക സാമൂഹികചരിത്രത്തിന്റെ അവതരണമെന്ന നിലയിൽ മണിപ്രവാളകൃതികളുടെ പ്രധാന്യമെന്തു് ? *10*

(c) മലയാളകവിതയിലെ ആധുനികതാ പ്രസ്ഥാനത്തിൽ അതിത്തം അയ്യപ്പപണിക്കർ, മാധവൻ അയ്യപ്പത്ത്, ചെറിയാൻ കെ ചെറിയാൻ എന്നിവർ വഹിച്ച പങ്ക് വ്യക്തമാക്കുക. *10*

(d) കേവലം വിനോദോപാധിയായി കവിതയെ കണ്ടവരായിരുന്നോ വെണ്മണിക്കവികൾ. *10*

(e) മലയാളനാടകസാഹിത്യ ചരിത്രത്തിൽ തനതുനാടകവേദിയുടെ സംഭാവന എന്തു് ? *10*

**Q6. (a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക.** *20+15+15=50*

(a) അവതരണകലകൾക്ക് അനുയോജ്യമായ 'രംഗഭാഷാവഴക്കം' ചമ്പു ആട്ടക്കഥ എന്നിവയെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക. *20*

(b) 'വാക്യം രസാത്മകം കാവ്യം' എന്ന സാഹിത്യപരികല്പന വള്ളത്തോൾക്കവിതകൾക്കു യോജിക്കുമോ ? *15*

(c) സി.വി. യുടെ ചരിത്രനോവലുകളിൽ ചരിത്രവും ഭാവനയും സംയോജിപ്പിച്ചത് എങ്ങനെ ? *15*

**Q7.** **(a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക.** *20+15+15=50*

(a) ആശയപ്രചാരണമാദ്ധ്യമമാക്കി കവിതയെ കുമാരനാശാൻ പരിഷ്ക്കരിച്ചതിന്റെ സാംഗത്യം പരിശോധിക്കുക. *20*

(b) സാംസ്കാരികവിനിമയമെന്ന നിലയിൽ സാഹിത്യചരിത്രത്തിൽ സഞ്ചാരസാഹിത്യകൃതികൾക്കുള്ള പങ്കെന്ത് ? *15*

(c) 'മലയാളത്തിലെ മഹാകാവ്യപ്രസ്ഥാനം' - സംക്ഷിപ്തചരിത്രം തയ്യാറാക്കുക. *15*

**Q8.** **(a) എന്ന ചോദ്യത്തിനു് 250 വാക്കുകളിലും (b), (c) എന്നീ ചോദ്യങ്ങൾക്കു് 150 വാക്കുകളിലും ഉത്തരമെഴുതുക.** *20+15+15=50*

(a) സ്ത്രീപക്ഷ രചനകളെന്നനിലയിൽ കെ. സരസ്വതിയമ്മയുടെ ചെറുകഥകൾ മലയാളസാഹിത്യചരിത്രത്തിൽ വ്യത്യസ്തമാകുന്നത് എങ്ങനെ ? *20*

(b) മലയാളത്തിലെ കൃഷിപ്പാട്ടുകളുടെ പ്രത്യേകതകളും അവ നിറവേറ്റിയ ധർമ്മവും എന്തെന്നു വിശദമാക്കുക. *15*

(c) ചങ്ങമ്പുഴക്കവിതകൾ പ്രകടമാകുന്ന 'കാല്പനികസ്വഭാവം' വയലാർ, ഒ.എൻ.വി. കുറുപ്പ്, പി. ഭാസ്ക്കരൻ എന്നിവരെ സ്വാധീനിച്ചത് എപ്രകാരമായിരുന്നു ? *15*